## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 53 08.08.2017-ലെ മറുപടിക്ക്

## കരട് വ്യവസായ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി വീണാ ജോർജ്<br>ശ്രീ.റ്റി.വി. രാജേഷ്<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | പരിസ്ഥിതി സൗഹാർദ്ദപരമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്ത് ലഭ്യമായ തൊഴിൽ വൈദഗ്ധ്യം കാര്യക്ഷമമായി വിനിയോഗിക്കുന്ന തരത്തിൽ വ്യവസായങ്ങൾ പ്രോൽസാഹിപ്പിച്ച് സാമ്പത്തിക വളർച്ച നേടുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കരട് വ്യവസായ നയം ഏതു വിധത്തിൽ പ്രയോജനപ്രദമാകുമെന്ന് വിശദമാക്കാമോ; | എ | കേരളത്തിലെ ജന സാന്ദ്രതയും, പരിസ്ഥിതി അവബോധവും കണക്കിലെടുത്ത് പരിസ്ഥിതി സൗഹാർദ്ദപരവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയുള്ള ചെറു സംരംഭങ്ങൾ വഴി ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് മാന്യമായ വരുമാനം ഉറപ്പുവരുത്തുക, അതു വഴി വ്യവസായ പുരോഗതിയും സാമ്പത്തിക വളർച്ചയും നേടുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാരിന്റെ കരട് വ്യവസായ നയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു വരുന്നത്.<br><br>കാർഷികവിള അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക് വ്യവസായങ്ങൾ, ജൈവവള വ്യവസായങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ റീസൈക്ലിങ് വ്യവസായം, പാരമ്പര്യേതര ഊർജ്ജോത്പാദനത്തിനുള്ള സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങൾക്ക് മുൻഗണന നൽകുക, തൊഴിൽ വൈദഗ്ധ്യം നേടിയ |

| | | | |
|---|---|---|---|
| | | | തൊഴിലാളികളെയും പരമ്പരാഗതമേഖലയിലെ തൊഴിലാളികളെയും വിനിയോഗിച്ചു കൊണ്ട് കരകൗശലമേഖലയിൽ പുരോഗതി കൈവരിക്കുകയും, അപ്രകാരം രാജ്യത്തിലെ ആദ്യ പത്ത് നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റുകയെന്നതാണ് നയത്തിന്റെ വീക്ഷണം. |
| ബി | യുവ സംരംഭകർക്കും ഉയർന്ന തരത്തിലുള്ള സാങ്കേതിക വിദ്യാപഠനം പൂർത്തിയാക്കിയിട്ടുള്ളവർക്കും അവസരം ലഭ്യമാക്കുന്നതോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നവർക്കു കൂടി അവസരം ലഭ്യമാക്കാൻ നയം ലക്ഷ്യമിടുന്നുണ്ടോ ; വിശദാംശം നൽകാമോ; | ബി | നവ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി എല്ലാവിധ സഹായവും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ ആശയം വികസിപ്പിക്കുന്നതിനും അവരുടെ ഗവേഷണ ആശയങ്ങളെ സംരംഭക വികസനത്തിനായി പരിവർത്തനം ചെയ്യുന്നതിനും യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഇൻകുബേഷൻ സെന്ററുകൾ വഴി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകി വരുന്നു. കൂടാതെ,<br><br>• പരമ്പരാഗത തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ASHA പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>• വാഴനാരുകൾ,മറ്റ് പ്രകൃതിദത്ത നാരുകൾ, കളിമണ്ണ് തുടങ്ങിയ മേഖലകളിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിച്ചു വരുന്നു. ഈ മേഖലയേയും ടൂറിസം മേഖലയേയും തമ്മിൽ ബന്ധിപ്പിച്ച് ക്രാഫ്റ്റ് ടൂറിസം പദ്ധതി , സുവനീർ പദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • മുള, ഈറ വ്യവസായങ്ങളുടെ സംരംക്ഷണത്തിനായി കൂടുതൽ കരുതൽ നൽകി വരുന്നു.<br>• പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപ്പാദനത്തിലേയ്ക്ക് നയിക്കുന്ന തരത്തിൽ ആധുനീകവൽക്കരണം കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതരത്തിൽ ആവിഷ്കരിക്കും. |
| സി | സ്വദേശത്തേയ്ക്ക് മടങ്ങാൻ നിർബന്ധിതരാകുന്ന പ്രവാസികൾക്കും വ്യവസായ രംഗത്ത് കാര്യമായ പങ്കില്ലാത്ത വനിതകൾക്കും അവസരം ഒരുക്കുന്നതിന് കരട് നയത്തിൽ ലക്ഷ്യമിടുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ? | സി | തിരികെ വരുന്ന പ്രവാസികൾക്കായി NORKA ROOTS വഴി നടപ്പിലാക്കി വരുന്ന സംരംഭകത്വ വികസന പരിശീലന പദ്ധതിയിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സഹകരിച്ച് പ്രവർത്തിക്കുന്നു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അഞ്ചു ശതമാനം ഇവർക്കായി സംവരണം ചെയ്തിട്ടുണ്ട്.<br>വനിതാ സംരംഭകർക്കായി WE (Women Entrepreneur) മിഷൻ വഴി തൊഴിൽ സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ കെ.എസ്.ഐ.ഡി.സി വഴി നൽകി വരുന്നു.<br>വസ്ത്രോൽപ്പാദന വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി വനിതകൾക്കായി 'വസ്ത്ര ഗ്രാമം' പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം യൂണിറ്റുകൾ സ്ഥാപിച്ച ജില്ലാടിസ്ഥാനത്തിൽ കൺസോർഷ്യം സ്ഥാപിച്ചും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വനിതാ സംരംഭകർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ